# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4158** | **25.06.2018 ലെ മറുപടി**

**എറണാകുളം ജില്ലയിലെ ചെല്ലാനം പഞ്ചായത്തിൽ തകർന്ന കടൽഭിത്തിയുടെ പുനരുദ്ധാരണം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ജോൺ ഫെർണാണ്ടസ്** | **മാത്യു ടി. തോമസ്**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) എറണാകുളം ജില്ലയിലെ ചെല്ലാനം പഞ്ചായത്തിൽ ഓഖി ദുരന്തത്തിനിരയായി തകർന്ന കടൽഭിത്തി പുനരുദ്ധരിക്കുന്നതിനായി അഞ്ച് പ്രവൃത്തികൾക്ക് 16/01/2018 ലെ സർക്കാർ ഉത്തരവ് നമ്പർ 29/2018/ജ.വി.വ. പ്രകാരം 8 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടും പ്രസ്തുത പ്രവൃത്തി കാലവർഷം തുടങ്ങുന്നതിന് മുൻപ് ആരംഭിക്കാൻ സാധിക്കാഞ്ഞതിന്റെ കാരണം വ്യക്തമാക്കാമോ;<br><br>(ബി) ഇതിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ;<br><br>(സി) എങ്കിൽ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (എ) യും (ബി) യും (സി) യും<br>ജിയോ ടെക്സ്റ്റയിൽസ് ട്യൂബ് ഉപയോഗിച്ചുള്ള ഈ സംരക്ഷണ പ്രവൃത്തികൾക്ക് അംഗീകരിച്ച രൂപകല്പന ലഭ്യമല്ലാത്തതിനാൽ ടി പ്രവൃത്തികളുടെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് ഒരു പ്രവൃത്തിക്ക് സി.ഡബ്ല്യൂ.പി.ആർ.എസ് വിദഗ്ധരുടെ അഭിപ്രായം കൂടി പരിഗണിച്ച് പരീക്ഷണാടിസ്ഥാനത്തിൽ സാങ്കേതികാനുമതി നൽകുകയും ടെണ്ടർ ചെയ്ത് കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. ശേഷിച്ച നാല് പ്രവൃത്തികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റിയുടെ ശുപാർശ പ്രകാരം ടി പ്രവൃത്തികൾക്ക് പരീക്ഷണാടിസ്ഥാനത്തിൽ സാങ്കേതികാനുമതി നൽകുകയും ചെയ്തു. ടി പ്രവൃത്തികൾ ടെണ്ടർ ചെയ്തപ്പോൾ കരാറുകാരൻ കോട്ട് ചെയ്ത തുക അംഗീകരിക്കാൻ സാധിക്കില്ലായിരുന്നു. എങ്കിലും സ്ഥലത്തെ അടിയന്തിര സാഹചര്യം കണക്കിലെടുത്ത് പ്രസ്തുത ടെണ്ടറുകൾ അംഗീകരിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ